(സി&ഡി) അംഗീകൃത അൺ എയിഡഡ് സ്കൂൾ ജീവനക്കാരുടെ ശമ്പളം പുതുക്കി നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് പുതുക്കി നിശ്ചയിച്ച പ്രതിമാസ കുറഞ്ഞ ശമ്പള നിരക്ക് താഴെ ചേർക്കുന്നു.

ഹെഡ്മാസ്റ്റർ	- 3000 രൂപയും 200 രൂപ സൂപ്പർ വിഷൻ അലവൻസും
ഹൈസ്ക്കൂൾ അസിസ്റ്റന്റ്	- 3000 രൂപ
പ്രൈമറി ടീച്ചർ	- 2500 രൂപ
ക്ലാർക്ക്	- 2000 രൂപ
പ്യൂൺ/ക്ലാസ് 4	- 1800 രൂപ

(ഇ) ശമ്പള പരിഷ്കരണം സംബന്ധിച്ച് സർക്കാർ ഉത്തരവ് മാനേജർമാർ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മിനിമം പെൻഷൻ ലഭിക്കണമെന്ന ശ്രീമതി ഒ. ചന്ദ്രമതിയുടെ നിവേദനം

47 (2027) ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീമതി ഒ. ചന്ദ്രമതി, വാറുതുണ്ടിൽ വീട്, എഴുകോൺ മിനിമം പെൻഷൻ ലഭിക്കുന്നത് സംബന്ധിച്ച് സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ ;

(ബി) കൊല്ലം ജില്ലയിലെ മൈലോട് ടിഇഎംഎച്ച്എസ്.എസിലെ അദ്ധ്യാപിക ആയിരുന്ന അവർക്ക് മിനിമം പെൻഷൻ അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി) അപേക്ഷ ലഭിക്കുമ്പോൾ നടപടി സ്വീകരിക്കുന്നതാണ്.

ചേർപ്പ് ജെ.ബി.എസ്. യു.പി. സ്കൂളായി ഉയർത്തണമെന്ന ആവശ്യം

48 (2028) ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർപ്പ് നിയോജക മണ്ഡലത്തിലെ ചേർപ്പ് ജെ.ബി.എസ്. സ്കൂൾ അപ്ഗ്രേഡ് ചെയ്ത് യു.പി. സ്കൂളായി ഉയർത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) ഈ സ്കൂളിൽ 5-ാം ക്ലാസ്സുവരെ മാത്രമേ പഠന സൗകര്യമുള്ളൂ എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് 5-ാം ക്ലാസ്സുവരെയുള്ള സ്കൂളുകൾ എത്ര ഉണ്ട് ; ഈ സ്കൂളുകൾ എൽ.പി. വിഭാഗത്തിലാണോ, യു.പി. വിഭാഗത്തിലാണോ ഉൾപ്പെടുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly